## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2560

09.05.2017 - ൽ മറുപടിക്ക്

### കൃഷി വകുപ്പിന്റെ ഫാമുകളിലെ ഉപയോഗശൂന്യമായ സ്ഥലത്ത് ജൈവപച്ചക്കറി കൃഷി നടത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ബാബു | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഫാമുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഇതിനായി അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഫാമുകളുടെ നവീകരണത്തിനായി WAPCOS-മായി സഹകരിച്ച് നേരിയമംഗലത്തേയും, നെല്ലിയാമ്പതിയിലേയും ഫാമുകൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017-18 ൽ കൃഷി ഫാമുകൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപറയും പ്രകാരമാണ് :-<br>1. ഹൈടെക് ഫാമിംഗിനായുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകളുടെ പ്രവർത്തന സഹായവും സാങ്കേതിക സഹായവും.<br>2. ടിഷ്യൂകൾച്ചർ ലാബുകളുടെ മാനുഷിക വിഭവ സഹായം.<br>3. കേര സമൃദ്ധി<br>4. വി.എഫ്.പി.സി.കെ. മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം.<br>5. ജില്ലാ കൃഷി ഫാമുകളിലും സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉല്പാദന ക്ഷമതയുള്ള തെങ്ങിൻതൈകളുടെയും വിദേശീയമായ പഴവർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃകാ പ്രദർശനത്തോട്ടങ്ങൾ.<br>6. ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ സംയോജിത കൃഷി സമ്പ്രദായ പ്രോത്സാഹനം.<br>7. വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം.<br>8. സംസ്ഥാന സീഡ് ഫാമുകളിലെ വിത്ത് ഉൽപ്പാദന പരിപാടി.<br>9. പുതിയ പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പരിപാലനവും.<br>10. സ്പെഷ്യൽ ഫാമുകളിൽ യന്ത്രവത്ക്കരണം.<br>11. ഉത്പാദന വർദ്ധനവിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം. |
| ബി) ഇത്തരം ഫാമുകളിലെ ഉപയോഗശൂന്യമായ സ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്തി കുടുംബശ്രീ മുഖാന്തരം ജൈവപച്ചക്കറി കൃഷി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ബി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ